ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 17.09.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനും, രാഷ്ട്രീയ പോഷൺ മാസാചരണത്തിനും തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി; രണ്ടാഴ്ച്ചക്കുള്ളിൽ രാജ്യത്ത് ഒരുലക്ഷം ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കും.

   Prime Minister Narendra Modi launches 'Swasth Nari, Sashakt Parivar Abhiyaan' campaign and the Rashtriya Poshan Maah celebrations; one lakh health camps to be organized across the country within two weeks.

2) പുതിയ ജിഎസ്ടി പരിഷ്കാരങ്ങളിലൂടെ രണ്ട് ലക്ഷം കോടിയോളം രൂപയുടെ ലാഭം പൊതുജനങ്ങൾക്ക് ലഭിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

   Union Finance Minister Nirmala Sitharaman has said that the new GST reforms will save the public around rupees two lakh crore.

3) ശുചിത്വ അവബോധം ലക്ഷ്യമിട്ടുള്ള സ്വച്ഛതാ ഹി സേവ ക്യാമ്പയിൻറെ ഒൻപതാം പതിപ്പിന് രാജ്യത്ത് തുടക്കമായി.

   The ninth edition of the 'Swachhata Hi Seva' campaign, aimed at promoting sanitation awareness, has been launched across the country.

4) അമീബിക് മസ്തിഷ്ക ജ്വരം കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച ഉപക്ഷേപം നിയമസഭ ചർച്ച ചെയ്ത് തള്ളി.

   Kerala Legislative Assembly discussed and rejected the adjournment motion concerning the health crisis caused by amoebic meningoencephalitis in the state.

5) ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുമതി നൽകിയ ഹൈക്കോടതി ഉത്തരവിൽ ഇടപെടാൻ കഴിയില്ലെന്ന് സുപ്രീംകോടതി.

The Supreme Court refused to interfere with the Kerala High Court's order, granting permission to Travancore Devaswom Board to conduct the Global Ayyappa Devotees' meet.

6) ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻത്രോ ഫൈനലിൽ പ്രവേശിച്ച് ഇന്ത്യയുടെ നീരജ് ചോപ്ര.

India's Neeraj Chopra qualifies for the javelin throw finals at the World Athletics Championship.

************************

## PM- Madhya Pradesh

രാഷ്ട്ര പുരോഗതിയുടെ ചാലക ശക്തികളാണ് സ്ത്രീകളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മധ്യപ്രദേശിലെ ധാറിൽ സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനും, എട്ടാമത് രാഷ്ട്രീയ പോഷൺ മാസാചരണത്തിനും തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. സ്ത്രീകൾക്കും, കുട്ടികൾക്കുമായി, രാജ്യത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരുലക്ഷത്തിലധികം ആരോഗ്യ ക്യാമ്പുകൾ ഇതോടനുബന്ധിച്ച് അടുത്ത രണ്ടാഴ്ചയ്ക്കിടെ സംഘടിപ്പിക്കും. വിളർച്ച, ക്ഷയരോഗം, മറ്റ് രോഗങ്ങൾ എന്നിവ തുടക്കത്തിലേ കണ്ടെത്തുന്നതിനും, മാതൃ ശിശു ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ സാധിക്കും. ക്യാമ്പിലെത്തുന്ന സ്ത്രീകൾക്ക് ചികിത്സയും മരുന്നും സൗജന്യമായിരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗോത്രവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ചുള്ള ആദി സേവാ പർവിനും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കം കുറിച്ചു. ധാർ ജില്ലയിലെ ഭൈൻസോല ഗ്രാമത്തിൽ സ്ഥാപിതമാകുന്ന രാജ്യത്തെ ആദ്യ പിഎം മിത്ര പാർക്കിൻറെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിച്ചു.

************************

## SWACHTHA HI SEVA CAMPAIGN

സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ ഒൻപതാം പതിപ്പിന് രാജ്യത്ത് തുടക്കമായി. 15 ദിവസം നടക്കുന്ന കാമ്പയിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 വരെ നീണ്ടു നിൽക്കും. ക്യാമ്പയിനിലൂടെ ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യമിടുന്നത്. ഇതിൻറെ ഭാഗമായി രാജ്യത്തുടനീളം ശുചിത്വ യജ്ഞങ്ങൾ സംഘടിപ്പിക്കും. ശുചിത്വോത്സവം എന്ന പേരിൽ കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മാലിന്യം കൂടിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വൃത്തിയാക്കും.

************************

## FIN MINISTER – GST REFORMS

പുതിയ ജിഎസ്ടി പരിഷ്കാരങ്ങളിലെ നികുതി ഭാരം കുറക്കുന്ന നടപടി സാധാരണക്കാർക്ക് പ്രയോജനകരമാകുമെന്ന് കേന്ദ്ര മന്ത്രി നിർമല സീതാരാമൻ . ഏകദേശം രണ്ട് ലക്ഷം കോടി രൂപയുടെ ലാഭം പൊതുജനങ്ങൾക്ക് ഉണ്ടാകുമെന്നും ധനമന്ത്രി പറഞ്ഞു. വിശാഖപട്ടണത്ത് നടന്ന ജിഎസ്ടി പരിഷ്കാരങ്ങളെക്കുറിച്ചുള്ള പൊതുജനാഭിപ്രായ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. അഞ്ച് ശതമാനം, പതിനെട്ട് ശതമാനം എന്നിങ്ങനെയുള്ള രണ്ട് സ്ലാബ് നികുതി സമ്പ്രദായം ജനങ്ങളുടെ ജീവിതനിലവാര ചിലവുകളെ ലഘൂകരിക്കുമെന്ന് ശ്രീമതി സീതാരാമൻ പറഞ്ഞു. രാജ്യത്തുടനീളമുള്ള സാധാരണക്കാരുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുകയും കൂടാതെ ദരിദ്രർക്കും മധ്യവർഗത്തിനും വലിയ അളവിൽ പ്രയോജനം ചെയ്യുമെന്നും ധനമന്ത്രി വ്യക്തമാക്കി .

************************

## SEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത്. ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പര 'സേവ പർവിൽ' പ്രധാനമന്ത്രി നരേന്ദ്രമോദിയെക്കുറിച്ച് പ്രമുഖ മാധ്യമപ്രവർത്തകൻ ശ്രീ.ശേഖർ ഗുപ്ത സംസാരിക്കുന്നു.

**(ഹോൾഡ്-മ്യൂസിക്....)**

സ്വ പ്രയത്നം കൊണ്ട് ഉയർന്നു വന്ന രാഷ്ട്രീയക്കാരുടെ ഗണത്തിൽ പെടുന്ന നേതാവാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയെന്ന് ശ്രീ ശേഖർ ഗുപ്ത അഭിപ്രായപ്പെട്ടു.

**(ശേഖർ ഗുപ്തവോയ്സ്...........)**

കുടുംബ, സാമൂദായിക പശ്ചാത്തലത്തിൽ നിന്നും രാഷ്ട്രീയത്തിലേക്ക് വന്ന നേതാക്കളിൽ നിന്ന് വിഭിന്നമായി ആദർശ പ്രത്യയശാസ്ത്രത്തിൽ ഊന്നി പ്രവർത്തിക്കുന്ന നേതാവാണ് മോദിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**(ഹോൾഡ്-മ്യൂസിക്....)**

************************

## PM Birthday Wishes

75 -ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്പതി സി.പി രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രമുഖർ. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രപ് ഉൾപ്പെടെയുള്ള ലോകനേതാക്കളും പ്രധാനമന്ത്രിയ്ക്ക് ജന്മദിനാശംസകൾ നേർന്നു. ഓസ്ട്രേലിയ ,ന്യൂസിലൻഡ് , ഡൊമിനിക്കൻ റിപ്പബ്ലിക് , ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരും ഗയാന പ്രസിഡണ്ടും ആശംസകൾ നേർന്ന നേതാക്കളിൽ ഉൾപ്പെടുന്നു. ആശംസകൾ നേർന്നവർക്ക് ശ്രീ മോദി സാമൂഹ്യമാധ്യമത്തിലൂടെ നന്ദി രേഖപ്പെടുത്തി.

************************

## VIVEKANANDA FILM FESTIVAL

ദേശീയ അവാർഡ് നേടിയ ചലച്ചിത്രം 'ചലോ ജീത്തേ ഹൈ' രാജ്യവ്യാപകമായി റീ-റിലീസ് ചെയ്യു. ഇന്ന് മുതൽ ഒക്ടോബർ 2 വരെ പ്രത്യേക പുന-പ്രദർശനമുണ്ടാകും. സ്വാമി വിവേകാനന്ദന്റെ തത്ത്വചിന്ത വ്യക്തമാക്കുന്ന ചലചിത്രം, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബാല്യകാലത്തെ പ്രമേയമാക്കിയാണ് ഒരുക്കിയിട്ടുള്ളത്. 2018ൽ ഏറ്റവും കൂടുതൽ പ്രേക്ഷകർ കണ്ട ഷോർട്ട് ഫിലിമാണിത്. തിരുവനന്തപുരത്ത് പേരൂർക്കട പി. എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ, വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിമിന്റെ പ്രദർശനം നടന്നു. രാജ്യത്തെ വിവിധ സ്കൂളുകളിലും 500 ഓളം സിനിമാ ശാലകളിലും ചിത്രം പ്രദർശിപ്പിക്കും.

**************************

## REV. EVE SEVA PARV

സേവാ പർവിനോട് അനുബന്ധിച്ച് ദൂരദർശനിലൂടെ പ്രത്യേക പരിപാടികളുടെ പരമ്പരയ്ക്ക് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് തുടക്കം കുറിച്ചു. മൂന്ന് ഡോക്യുമെന്ററികളും ഒരു ഫീച്ചർ ഷോയും അദ്ദേഹം പുറത്തിറക്കി. ആകാശവാണിയുടെ ദേശീയ, പ്രാദേശിക ചാനലുകളിലും സേവാ പർവ്വിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**************************

## SHAH- SEVA PAKHWADA (INTRO)

കഴിഞ്ഞ 11 വർഷത്തിനിടെ സർക്കാർ 25 കോടി പാവപ്പെട്ടവരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റിയതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ഇക്കാലയളവിൽ രാജ്യം കൂടുതൽ സുരക്ഷിതമായതായും സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തമായതായും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ പുരോഗമിക്കുന്ന സേവാ പഖ്വാഡ പരിപാടിക്ക് കീഴിൽ 1600 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

2014ൽ അധികാരമേറ്റത് മുതൽ രാജ്യത്തെ 60 കോടി ജനങ്ങൾക്ക് ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ കേന്ദ്രസർക്കാർ ലഭ്യമാക്കിയതായും ശ്രീ അമിത്ഷാ വ്യക്തമാക്കി.
(ഹോൾഡ് വോയ്സ്)

************************

## SUPREME COURT

ഈ മാസം 20 ന് പമ്പയുടെ തീരത്ത് ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കാൻ അനുവാദം നൽകിയ കേരള ഹൈക്കോടതി വിധിയിൽ ഇടപെടാൻ വിസമ്മതിച്ച് സുപ്രീംകോടതി. ചില നിബന്ധനകളോടെ അയ്യപ്പ സംഗമം സംഘടിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുമതി നൽകിയ വിധിക്കെതിരെ സമർപ്പിച്ച മൂന്ന് ഹർജികൾ ജസ്റ്റീസ് പി എസ് നരസിംഹ ഉൾപ്പെട്ട ബെഞ്ചാണ് പരിഗണിച്ചത്. ഹൈക്കോടതിയുടെ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും പരമോന്നത കോടതി നിർദേശം നൽകി.

************************

## KERALA NIYAMASABHA

അമീബിക് മസ്തിഷ്ക ജ്വരം കേരളത്തിൻറെ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ സംബന്ധിച്ച പ്രതിപക്ഷത്തിൻറെ ഉപക്ഷേപം നിയമസഭ ചർച്ച ചെയ്തു തള്ളി. രോഗവ്യാപനം തടയാൻ കഴിയാതെ ആരോഗ്യ വകുപ്പ് ഇരുട്ടിൽത്തപ്പുകയാണെന്നായിരുന്നു പ്രതിപക്ഷത്തിൻറെ വിമർശനം. എന്നാൽ, രോഗബാധിതരുടെ ജീവൻ രക്ഷിക്കാൻ സർക്കാർ വലിയ തോതിലുള്ള ഇടപെടൽ നടത്തുന്നതായി ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

************************

## WORLD ATHLETICS C SHIPS

ജപ്പാനിൽ നടക്കുന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിൽ ഫൈനലിൽ കടന്ന് ഇന്ത്യൻ താരം നീരജ് ചോപ്ര. ആദ്യ ശ്രമത്തിൽ 84.85 മീറ്റർ ദൂരം എറിഞ്ഞാണ്

നീരജ് ചോപ്ര ഫൈനലിലേക്ക് യോഗ്യത നേടിയത്. വെള്ളിയാഴ്ച നടക്കുന്ന വനിതാ യോഗ്യതാ റൗണ്ടിൽ ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവ് അന്നു റാണി മത്സരിക്കും

************************

## ECONOMY-GROWTH

ആഗോള പ്രതിസന്ധികൾക്കിടെയിലും ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ അതിവേഗം വളരുകയാണെന്ന് റിപ്പോർട്ട്. ഈ സാമ്പത്തിക വർഷം രാജ്യത്തിന്റെ GDP 6.5 ശതമാനം വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അമേരിക്കൻ ക്രെഡിറ്റ് ആൻഡ് റേറ്റിംഗ് ഏജൻസിയായ സ്റ്റാൻഡേർഡ് ആൻഡ് പുവേഴ്സ് വിലയിരുത്തി. ആഗോള വ്യാപാരത്തിൽ ഇന്ത്യയുടെ പങ്ക് വർദ്ധിക്കാൻ സാധ്യതയുണ്ടെന്നും ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ഏജൻസി പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു.

************************

## George Kurian

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ലക്ഷ്യം വികസിത ഭാരതമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കേന്ദ്ര സർക്കാരിൻ്റെ ക്ഷേമപദ്ധതികളും സേവനങ്ങളും കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന മീറ്റ് ദി ലീഡർ' പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ വികസനത്തിന് ഒറ്റക്കെട്ടായി മുന്നോട്ട് പോകണമെന്ന് അദ്ദേഹം പറഞ്ഞു. ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്ര ശേഖർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

************************

## JACOB THOONKUZHI

തൃശ്ശൂർ മുൻ ആർച്ച് ബിഷപ്പ് ജേക്കബ് തൂങ്കുഴി കാലം ചെയ്തു. 93 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു

************************

## ELECTION

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ചും, പരിസ്ഥിതിസൗഹൃദമായും നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനം. തദ്ദേശസ്വയംഭരണവകുപ്പിലെ വിവിധ ഏജൻസികളുടെ യോഗത്തിൽ ഇതു സംബന്ധിച്ച കർമ്മപരിപാടിക്കും രൂപം നൽകി. പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഒക്ടോബർ 10 വരെ സമർപ്പിക്കാവുന്നതാണ്. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുവെന്ന് തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ഹരിതകർമസേന എന്നിവയുടെ പങ്കാളിത്തത്തോടെ ഉറപ്പ് വരുത്തും.

*************************

*************************

*************************

***************